# ദുഃഖവെള്ളിയാഴ്ചയും വചനിപ്പു
# പെരുന്നാളും ഒരുമിച്ചു വന്നാൽ....?

വർഗീസ് ജോൺ, തോട്ടപ്പുഴ

പതിനൊന്നു വർഷത്തെ ഇടവേളയ്ക്കുശേഷം 2016 മാർച്ച് 25ന് ദുഃഖവെള്ളിയാഴ്ചയും വചനിപ്പുപെരുന്നാളും ഒരുമിച്ചു വരുന്നു. ഏറ്റവും അവസാനം 2005 മാർച്ച് 25നാണ് ഇവ ഒരുമിച്ചുവന്നത്. മലങ്കര സുറിയാനി സഭ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചതിനു (1953) ശേഷം രണ്ടാം തവണയാണ് ഇതു സംഭവിക്കുന്നത്.

ദുഃഖവെള്ളിയാഴ്ച വിശുദ്ധ കുർബാന അർപ്പിക്കാൻ പാടില്ല എന്നാണല്ലോ സഭയുടെ പാരമ്പര്യം. എന്നാൽ അന്നു വചനിപ്പു പെരുന്നാൾ (മാർച്ച് 25) വന്നാൽ വിശുദ്ധ കുർബാന കഴിഞ്ഞേ ദുഃഖവെള്ളിയാഴ്ചയുടെ ശുശ്രൂഷകൾ നടത്തുകയുള്ളു. വിരളമായി മാത്രമേ ഇവ ഒരുമിച്ചു വരാറുള്ളൂ.

ഈസ്റ്റർ വരാവുന്ന ഏറ്റവും നേരത്തെയുള്ള തീയതി മാർച്ച് 22-ം താമസിച്ചുള്ള തീയതി ഏപ്രിൽ 25-ം ആണ്. ആ നിലയ്ക്ക് ദുഃഖവെള്ളിയാഴ്ച മാർച്ച് 20നും ഏപ്രിൽ 23നും ഇടയിൽ ഓരോ വർഷവും മാറിമാറി വരുന്നു. വചനിപ്പുപെരുന്നാൾ (സൂബോറോ) പെരുന്നാൾ നിശ്ചിത തീയതിയിൽ (മാർച്ച് 25) തന്നെ വരുന്നു. മാർച്ച് 27ന് ഈസ്റ്റർ വരുന്ന വർഷങ്ങളിലാണ് 25ന് ദുഃഖവെള്ളിയാഴ്ചയും വചനിപ്പുപെരുന്നാളും ഒരുമിച്ചു വരുന്നത്.

ഇനിയും 141 വർഷം കഴിഞ്ഞ് 2157ൽ മാത്രമേ ദുഃഖവെള്ളിയാഴ്ചയും വചനിപ്പുപെരുന്നാളും ഒരുമിച്ചു വരികയുള്ളൂ. ഇത്രയും ദീർഘമായ ഇടവേള ഇതുവരെയുണ്ടായിട്ടില്ല; എഡി 4099 വരെയുള്ള വർഷങ്ങളിലും ഇത്രയും ദീർഘമായ ഇടവേളയില്ല. ഒരിക്കൽ 98 വർഷത്തെ ഇടവേള (1524, 1622) ഉണ്ടായിട്ടുണ്ട്. 1582ലെ കലണ്ടർ പരിഷ്കരണവും അതിനു കാരണമായിട്ടുണ്ട്. ഏറ്റവും ചെറിയ ഇടവേള അഞ്ചു വർഷമാണ്; ഇങ്ങനെ മൂന്നു തവണ വന്നിട്ടുണ്ട്. പതിനൊന്നു വർഷത്തെ ഇടവേളയാണ് പലപ്പോഴും കാണുന്നത്. 2157 കഴിഞ്ഞ് 2168, 2214, 2225, 2236 തുടങ്ങിയ വർഷങ്ങളിലും വരും.

ഇരുപതാം നൂറ്റാണ്ടിൽ 1939ലും 1950ലും ഏപ്രിൽ ഏഴിന് ഇവ ഒരുമിച്ചുവന്നു. മലങ്കര സഭ ഗ്രിഗോറിയൻ കലണ്ടർ (പുതിയ രീതി/പാശ്ചാത്യ രീതി) സ്വീകരിക്കുന്നതു (1953) വരെ ഓദോർ (സുറിയാനി കണക്കിന് മീനം) 25 നായിരുന്നു വചനിപ്പു പെരുന്നാൾ. അതുകൊണ്ടാണ് അതിനുമുമ്പ് ഏപ്രിൽ ഏഴിന് ഈ പെരുന്നാൾ ആചരിച്ചിരുന്നത്. 19-ാം നൂറ്റാണ്ടിൽ ഏപ്രിൽ ആറിനും 18-ാം നൂറ്റാണ്ടിൽ ഏപ്രിൽ അഞ്ചിനും 17-ാം നൂറ്റാണ്ടിൽ ഏപ്രിൽ നാലിനുമാണ് വചനിപ്പു പെരുന്നാൾ വന്നിരുന്നത്. ജൂലിയൻ കലണ്ടർ അനുസരിച്ചുള്ള സുറിയാനി കണക്ക് (പഴയ രീതി/പൗരസ്ത്യ രീതി) പ്രകാരം തീയതി കണക്കാക്കുന്നതാണ് ഗ്രിഗോറിയൻ കലണ്ടറിലെ തീയതി വ്യത്യാസത്തിനു കാരണം.

**കലണ്ടർ പരിഷ്കരണം (1953)**

പുരാതന റോമൻ കലണ്ടറിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി ജൂലിയസ് സീസർ റോമൻ വർഷം (AUC) 709 (45 BC) -ൽ ഏർപ്പെടുത്തിയതാണ് 'ജൂലിയൻ കലണ്ടർ' (Julian Calendar). ജൂലിയൻ കലണ്ടറിലെ പിശകു പരിഹരിച്ച് 1582 ൽ പോപ്പ് ഗ്രിഗറി XIII ഏർപ്പെടുത്തിയതാണ് 'ഗ്രിഗോറിയൻ കലണ്ടർ' (Gregorian Calendar). നിഖ്യാ സുന്നഹദോസ് (325) മുതൽ അന്നുവരെ ജൂലിയൻ കലണ്ടറിൽ ഏകദേശം 10 ദിവസത്തിന്റെ പിശകുണ്ടെന്നു കണ്ടെത്തി മാർപാപ്പാ പരിഹരിച്ചു. ജൂലിയൻ കലണ്ടറും ഗ്രിഗോറിയൻ കലണ്ടറും തമ്മിൽ 16, 17 നൂറ്റാണ്ടുകളിൽ (1582 - 1700) പത്തും 18-ാം നൂറ്റാണ്ടിൽ (1700 - 1800) പതിനൊന്നും 19-ാം നൂറ്റാണ്ടിൽ (1800 - 1900) പന്ത്രണ്ടും 20, 21 നൂറ്റാണ്ടുകളിൽ (1900 - 2100) പതിമൂന്നും 22-ാം നൂറ്റാണ്ടിൽ (2100 - 2200) പതിനാലുമാണ് വ്യത്യാസം. സഭാ പഞ്ചാംഗത്തിൽ ഇവയെ സുറിയാനി കണക്ക്, ഇംഗ്ലീഷ് കണക്ക് എന്നിങ്ങനെയാണ് വിശേഷിപ്പിക്കുന്നത്. മലയാള കണക്ക് (കൊല്ല വർഷം) ഇവയിൽ നിന്ന് വ്യത്യസ്തമാണ്.

മലങ്കര സുറിയാനി സഭയിലെ പാത്രിയർക്കീസ് പക്ഷം (ബാവാകക്ഷി) 1952 ഡിസംബർ 15 ന് യൽദോ നോമ്പാരംഭത്തിനും (പ. അപ്രേം പ്രഥമൻ ബാവായുടെ കൽപന നമ്പർ 620/05.11.1952) കാതോലിക്കാപക്ഷം (മെത്രാൻ കക്ഷി) 1953 മേയ് 14ന് സ്വർഗാരോഹണ പെരുന്നാളിനുമാണ് (പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കൽപന നമ്പർ 59/16.04.1953) ഗ്രിഗോറിയൻ കലണ്ടർ (പുതിയ രീതി) സ്വീകരിച്ചത്.

ദുഃഖവെള്ളിയാഴ്ചയും വചനിപ്പുപെരുന്നാളും ഒരുമിച്ചുവന്ന അവസരങ്ങളിൽ ഇവ എങ്ങനെ ആചരിച്ചു എന്നറിയുന്നത് വിജ്ഞാനപ്രദമായിരിക്കുമെന്ന് കരുതിയാണ് ഈ ലേഖനം തയ്യാറാക്കിയത്.

**ചാത്തന്നൂർ പഞ്ചാംഗം (1797)**

ചാത്തന്നൂർ സെന്റ് ജോർജ് പള്ളിയുടെ തെക്കേ ഭിത്തിയിൽ രേഖപ്പെടുത്തിയിരുന്ന ഇരുനൂറിലധികം വർഷം പഴക്കമുള്ള ഒരു പഞ്ചാംഗത്തിൽ ഇപ്രകാരം കാണുന്നു.

"അൻപതു നുയംപിൽ ചനിയാഴിച്ചയും ഞായറാഴിച്ചയും കാലത്തെ കൊറുവാന ചൊല്ലാമെന്നും നുയമ്പിൻറെ പാതിക്കും നാല്പതിനും പിസഹായിക്കും ദുഖചനിയാഴിച്ചക്കും 22 1/2 നാഴിക പുലരുംപോൾ കുറുവാന പിരിയണമെന്നും വചനിച്ച പെരുന്നാൾക്കു കാലത്തെ ചൊല്ലാമെന്നും ദുഖവെള്ളിയാഴിച്ച ഇപ്പെരുനാൾ വന്നുവെംകിൽ

കാലത്തെ രഹസ്യത്തിൽ  കുറുവാന ചൊല്ല്യെച്ചു ഉച്ചനമസ്കാരവും കുരിശു കുംപിടീലും കഴിക്കണമെന്നും അല്ലാതെ നുയംപിൽ കുറുവാന ചൊല്ലരുതന്നും യാക്കോബായക്കാരായ നമ്മെ നമ്മുടെ വാവാമ്മാരു പടിപ്പിച്ച ത......"

18-ാം നൂറ്റാണ്ടിൽ 1771 ലും 1782 ലും ഏപ്രിൽ അഞ്ചിന് ഇവ ഒരുമിച്ചു വന്നതിന്റെ പശ്ചാത്തലത്തിൽ 1797ലാണ് ഇതു രേഖപ്പെടുത്തിയിരിക്കുന്നതെന്നു കരുതാം. അതിനു മുമ്പ് 1597, 1608, 1687, 1692 എന്നീ വർഷങ്ങളിൽ ഏപ്രിൽ നാലിന് ഇവ ഒരുമിച്ചു വന്നിട്ടുണ്ട്. 19-ാം നൂറ്റാണ്ടിൽ 1855, 1866, 1877 എന്നീ വർഷങ്ങളിൽ ഏപ്രിൽ ആറിന് ദുഃഖ വെള്ളിയാഴ്ചയും വചനിപ്പു പെരുന്നാളും ഒരുമിച്ചു വന്നിട്ടുണ്ട്.

**പരിശുദ്ധ പത്രോസ് തൃതീയൻ ബാവാ അകപ്പറമ്പു പള്ളിയിൽ (1877)**

കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ (1877 – 1886) കരവട്ടുവീട്ടിൽ ശെമവോൻ മാർ ദിവന്നാസിയോസ് തിരുമേനിയുടെ നളാഗമത്തിൽ ഇങ്ങനെ കാണുന്നു:

"ഇതിന്റെ ശെഷം പിറ്റെ ദിവസി വെള്ളിആഴ്ച 25 നു സുബാറായുടെ പെരുന്നാൾ ആയിരുന്നതിനാൽ - പെരുന്നാളിന്റ അന്തിയുടെ നമസ്കാരം നമസ്കരിച്ചു. ആയ്തിന്ന കൌമ്മായ്ക്കു കാദിശാത്താലൂഹായും ഏവൻഗെലിയൊന്നു ശ്ലാമ്മായും ബസമൽക്കായും ധൂപവും കൈമുത്തും മറ്റും ഹാശായുടെ ഭാവം നീക്കി സകലവും ഉണ്ടായിരുന്നു - പാതിരാത്രീ ആയപ്പൊൾ എഴുന്നീറ്റ ഹാശായുടെ നമസ്കാരം മുഴുവനും നമസ്കരിച്ചു. ആയ്തു കഴിഞ്ഞ ശെഷം അപ്പൊൾ തന്നെ പെരുന്നാളിന്റെ മയ്യലിനുടെ നമസ്കാരം തുടങ്ങി. ആയ്തിനു ധൂപവും മറ്റും മെൽപറഞ്ഞതു പൊലെ ആയിരുന്നു. നമസ്കാരത്തിന്റെ അവസാനത്തിൽ മുറപ്രകാരം കുറുബാന ചൊല്ലി - കുറുബാനയ്ക്കു നുയമ്പില്ലാത്ത സമയ ഉള്ളതു പൊലെ ശ്ലാമ്മായും മറ്റും ഉണ്ടായിരുന്നു. നമസ്കാരം കഴിഞ്ഞു കുറുബാനയ്ക്കു തുടങ്ങുമ്പൊൾ ഏകദെശം നാലു നാഴിക പുലർന്നതായി തൊന്നുന്നു. അന്നു കുറുബാന ചൊല്ലിയ്തു ഗ്രീഗൊറിയൊസ്സു മെത്രാപൌലീത്ത ആയിരുന്നു. കുറുബാന കഴിഞ്ഞ അന്നും പെസഹാക്കും വിശുദ്ധ പിതാവും മെല്പട്ടക്കാരര എല്ലാവരും ഭക്ഷണം കഴിച്ചു.

ഉച്ചകഴിഞ്ഞ ശെഷം നമസ്കാരത്തിന്നു ചെന്ന സമയം നടുവിൽ നാട്ടിരുന്ന മരത്തിൽ ഇട്ടിരുന്ന മരകുരിശ എടുത്ത ചുമപ്പു കൊണ്ട ഒരു പട്ടുതൂവാല പിതാവു കയിൽ വിടുർത്തിപിടിച്ച അതിനകത്തു കുരിശു വച്ചു പിതാവു തന്നെ എടുത്ത മദുബഹായിൽ ത്രൊനൊസിമ്മെൽ കൊണ്ടുചെന്നു വച്ചു - അതിന്റെ ശെഷം നടുവിൽ കർക്കബസായുടെ സാദൃശത്തിൽ നാട്ടിരുന്നതിന്റെ പടിഞ്ഞാറെ വശത്തുനിന്നു ഉച്ചനമസ്കാരം തുടങ്ങി  - ആയ്തു കഴിഞ്ഞ ശെഷം വിശുദ്ധപിതാവും ശെഷം മെത്രാമ്മാരും പട്ടക്കാറ എല്ലാവരും മദുബഹായിൽ പ്രെവെശിച്ചു മെത്രാമ്മാരു മുതലായ പട്ടക്കാററു മുതലായവര എല്ലാവരും അവരവരുടെ അമശവസ്ത്രം ധരിച്ചു പിതാവു മെൽപറഞ്ഞ ചുമന്ന പട്ടു ചുമന്ന തൂവാല കഴുത്തിൽ കെട്ടി മെൽ പറഞ്ഞ കുരിശ എടുത്ത ശീലയൊടു കൂടെ വലത്തെ തൊളിൻമ്മെൽ വച്ച മദുബഹായുടെ തെക്കെവശത്തുകൂടി ഏവൻഗെലിയൊൻ ധൂമകുറ്റി - മുതലായി പള്ളിയുടെ കൊട - കൊടിമെക്കട്ടി മുതലായ ആഘൊഷത്തൊടു കൂടി പള്ളിയുടെ തെക്കെ വാതിൽ കിടന്നിറങ്ങി പടിഞ്ഞാറെ വശത്തുകൂടി പുറപ്പെട്ടു വടക്കെ വാതുക്കൽ കൂടി പള്ളി അകത്തു പ്രവെശിച്ച നടുവിൽ നാട്ടീരുന്ന കർക്കബസാ എന്നു പറയുന്ന കാലിൽ നിവൃർത്തി വച്ചു 22 1/2  യുടെ നമസ്കാരവും സ്കീപ്പുസായുടെ ക്രമവും തൊടങ്ങി - കുരിശുവച്ചതിന്റെ രണ്ടു വശവും ഒരൊ മെഴുകുതിരികൾ കത്തിച്ചു വച്ചിട്ടുണ്ടായിരുന്നു - ക്രമത്തിന്റെ അവസാനത്തിൽ ഏവൻഗെലിയൊൻ വായിച്ചു - എടത്തെതിലെ കള്ളൻ ദുഷിച്ചു എന്നു പറയുന്ന സമയം തെക്കുവശത്തെ മെഴുകുതിരി കെടുത്തി - കാലസ്തികൾ തകർത്തി എന്നു പറയുന്ന സമയം രണ്ടുവശത്തെ മെഴുകുതിരി വളക്കുകയും കെടുത്തുകയും ചെയ്തു - അതിന്റെ ശെഷം സൊഗദീനാൻ ലസ്ലീബൊ എന്നുള്ള നിറുത്തു ചൊല്ലി പാത്രിയർക്കീസു ബാവാ മുതൽ ശെമ്മാശൻമ്മാരു വരെ മുറപ്രകാരം സ്ലീബായുടെ മുമ്പാകെ ധൂപം വച്ചു കുമ്പിട്ടു - അതിന്റെ ശെഷം കുരിശ എടുത്തു നാലുവശത്തെയ്ക്കും തിരിഞ്ഞ ഹുസമറിയാ അൽ അമ്മാ എന്നുള്ള ബാത്തം ചൊല്ലി - പിന്നീടു നാലുവശത്തെക്കും തിരിഞ്ഞു - ഹവുദ മാലാഖെ ചൊല്ലി - നാലുവശത്തെക്കും കുരിരിശ അഘൊഷിച്ചു - പിന്നീടു മുമ്പിൽ പുറത്തെക്കു ആഘൊഷിച്ചപ്പൊൾ സ്ലീബാ പിടിച്ചതു പൊലെ സ്ലീബാ വിശുദ്ധപിതാവ എടുത്ത - വായിലെക്ക് സെഹിയൊൻ എന്നുള്ള ഈ നിറുത്തുകൾ ചൊല്ലി. പള്ളിക്കകത്തു തെക്കുവശത്തുകൂടെ പടിഞ്ഞാറൊട്ടു ചുറ്റി വടക്കുവശത്തു കൂടി മദുബഹായിൽ പ്രവെശിച്ചു. സ്ലീബാ ത്രൊനൊസിമ്മെൽ വെച്ച - ചെന്നിനായകവും ചെറുക്കായും കൂട്ടികലർത്തി  വെള്ളവും ഒഴിച്ച ഒരു പാത്രത്തിൽ ആക്കി പാത്രം ത്രൊനൊസിമ്മെൽ വച്ചു - കുരിശിന്റെ രണ്ടു കൊമ്പും അതിൽ മുക്കി പനനീര എടുത്ത ആ പാത്രത്തിൽ കാട്ടി - കുരിശുമ്മെൽ ഒഴിച്ച ആയ്തു കുളിപ്പിച്ചു. വെള്ളപഞ്ഞി കുന്തുരുക്കം അതിന്റെ മീതെ നിരത്തി വച്ച വെള്ളശീലയിൽ പൊതിഞ്ഞു കെട്ടി വച്ചതിന്റെ ശെഷം കഴുകിയ പനിനീരും ചെറുക്കായും ചെന്നി നായകവും കൂടി ചെർത്ത വെള്ളം ആദ്യം പിതാവു കുടിക്കുകയും പിന്നീടു മെത്രാമ്മാർക്കും പട്ടക്കാരു മുതലായവർക്ക ബാവാതന്നെ ത്രൊനൊസിമ്മെൽ വച്ചു തന്നെ കൊരികൊടുത്തു - അൽമ്മെനികൾക്കു  മദുബഹായുടെ വാതുക്കൽ വച്ചു - കൊരിവായിൽ കൊടുക്കതക്കവണ്ണം കല്പിച്ചു അതുപ്രകാരം പട്ടക്കാരു കൊരികൊടുത്തു - ബാവാ സ്ലീബാ എടുത്ത ഏതാനും കാലാകൾ ചൊല്ലി ത്രൊനൊസിന്നകത്തു തെക്കൊട്ടു തലയും വടക്കൊട്ടു മുഖവും ആയി ചരിച്ചു വച്ച കതകടച്ച മെഴുകുകൊണ്ടു മുദ്ര വച്ച ഉറപ്പിച്ച - ഉസ്സായായും കാലായും ബാവൂസായും - തെശുബുഹത്താലാലുഹായും മഹയിമ്മനീനായ്ക്കനും മ്ശിഹാ ദബമൌത്തെ ആഹി എന്നുള്ളതും ചൊല്ലി കഴിഞ്ഞതിന്റെ ശെഷം - ത്രൊനൊസിന്റെ കിഴക്കു വശത്തു വാതുക്കൽ ഉയർക്കുന്നതു വരെ കത്തുന്നതിന്നു ഒരു വിളക്കുവയിപ്പിച്ചും വച്ച മദുബഹായുടെ കിഴക്കു വശത്തു കൂടി ഒരുത്തനും കടക്കാതെ അപ്രവും ഇപ്രവും മറച്ചുകൊള്ളെണമെന്നു കല്പിച്ചു അതുപ്ര

കാരം ചെയ്തു – ഇതിന്റെ ശെഷം ബാവാമുറിയിലെക്കു പൊയി – ശെഷം നമസ്കാരം അപ്പൊൾ തന്നെ ശെഷം പെരു കല്പനപ്രകാരം – പള്ളിയുടെ നടയിൽ കർക്കബസായുടെ മുന്നൾ നിന്നു നമസ്കരിക്കുകയും ചെയ്തു.”

1877 ഏപ്രിൽ ആറിന് ദുഃഖവെള്ളിയാഴ്ചയും വചനിപ്പു പെരുനാളും ഒരുമിച്ചു വന്നപ്പോൾ അങ്കമാലി മെത്രാസനത്തിലെ അകപ്പറമ്പു പള്ളിയിൽ നടന്ന സംഭവമാണ് മുകളിൽ കാണിച്ചിരിക്കുന്നത്. “വിശുദ്ധ പിതാവ്” എന്നു പറഞ്ഞിരിക്കുന്നത് പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായും ഗ്രീഗൊറിയോസ് മെത്രാപ്പൌലീത്താ പരിശുദ്ധ പരുമല തിരുമേനിയും ആണ്.

1939 ഏപ്രിൽ ഏഴിന് ഈ വിശേഷദിവസങ്ങൾ ഒരുമിച്ചു വന്നപ്പോൾ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായും പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായും പുറപ്പെടുവിച്ച കല്പനകളിലെ പ്രസക്തഭാഗങ്ങൾ താഴെ ചേർക്കുന്നു.

**പരിശുദ്ധ അപ്രേം പ്രഥമൻ ബാവായുടെ കൽപന (1938)**

പരിശുദ്ധ അപ്രേം പ്രഥമൻ ബാവാ 1938 മിഥുനം 24 നു പുറപ്പെടുവിച്ച 464 –ാം നമ്പർ കല്പനയിൽ നിന്ന്:

“മായൽത്തൊ പെരുന്നാൾ നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശനത്തിന്റേയും വൃദ്ധനായ ശെമഓന്റേയും ഓർമ്മയെ ഉദ്ദേശിച്ച് കുംഭം 2 –ാം തീയതി തന്നെ ആചരിക്കേണ്ടതാകുന്നു. ഈ പെരുന്നാൾ ഈയാണ്ടിൽ വന്നതു പോലെ മൂന്നു നോമ്പിൽ വരികയോ, 1915 – ൽ വന്നതു പോലെയും 2010 – ൽ വരുവാനിരിക്കുന്നതു പോലെയും അപൂർവ്വമായി ചിലപ്പോൾ വലിയ നോമ്പിന്റെ ശുബ്ക്കോനൊ തിങ്കളാഴ്ച വരികയൊ ചെയ്താൽ ആ ദിവസം തന്നെ പെരുന്നാൾ ആചരിച്ചുകൊള്ളണം. പെരുന്നാൾ ക്രമം അനുസരിച്ച് കാലത്തെ വി. കുർബ്ബാന അർപ്പിക്കേണ്ടതും, വി. കുർബ്ബാനാനന്തരം ഉച്ചയ്ക്കു നോമ്പിന്റെ പ്രാർത്ഥന കഴിഞ്ഞു ഉപവാസം അഴിക്കേണ്ടതും ശുബ്ക്കോനോയുടെ ക്രമം പിറ്റേ ദിവസം ചൊവ്വാഴ്ച നടത്തേണ്ടതും ആകുന്നു.

സൂബോറൊ പെരുന്നാൾ, വിസ്മയനീയവും, രക്ഷാകരവുമായ ഗർഭധാരണത്തെപ്പറ്റി ദൈവമാതാവിനോടുള്ള വചനിപ്പിന്റെ ഓർമ്മയായി മീനം 25 നു തന്നെ സഭ ആചരിക്കുന്നതാകുന്നു. “സൂബോറൊ പെരുന്നാൾ ഏതു ദിവസം വന്നാലും അന്നു തന്നെ സഭ കൊണ്ടാടുന്നു.” എന്ന് ഹൂദായകാനോൻ 5 – ാം അദ്ധ്യായം, 1 – ാം വാക്യം, 5 – ാം നിയമത്തിലും, “ആ ദിവസം മാറാനായ പെരുന്നാളുകളുടെ അടിസ്ഥാനമാകുന്നു. ഈ പെരുന്നാളുകൾക്കു ഒരിക്കലും തീയതി മാറ്റം വരുത്തുന്നില്ല” എന്നു ആണ്ടടക്കമുള്ള പെരുന്നാൾ പട്ടികയിലും വ്യക്തമായി എഴുതപ്പെട്ടിരിക്കുന്നു. 1939 – ൽ വരുന്ന പ്രകാരം ദുഃഖവെള്ളിയാഴ്ച വന്നാൽ പോലും പെരുന്നാൾ മുറയനുസരിച്ചു കാലത്തെ വി. കുർബ്ബാന അണയ്ക്കേണ്ടതാകുന്നു. എന്നാൽ ആ വലിയ ദിവസത്തെക്കുറിച്ചുള്ള ബഹുമാനത്തെ പ്രതി നോമ്പിന്റെ വ്രതം അഴിക്കുവാൻ പാടില്ലാത്തതും, ദുഃഖവെള്ളിയാഴ്ചയുടെ ക്രമം ഉച്ചയ്ക്കും ഇരുപത്തിരണ്ടരയ്ക്കുമായി പതിവു പോലെ നിവർത്തിച്ചു കൊള്ളേണ്ടതും ആകുന്നു. സുബോറൊ പെരുന്നാൾ ദുഃഖശനിയാഴ്ച വന്നാലും പെരുന്നാൾ മുറയനുസരിച്ചു കാലത്തെ വി. കുർബ്ബാന അണയ്ക്കണം. ഉച്ചകഴിഞ്ഞ് ഇരുപത്തിരണ്ടരയ്ക്കു രണ്ടു ത്രോണോസുകളുള്ള പള്ളികളിൽ ദുഃഖശനിയാഴ്ചയുടെ മുറയനുസരിച്ചു വേറൊരു കുർബ്ബാന കൂടെ അർപ്പിയ്ക്കേണ്ടതാകുന്നു. ഒരു ത്രോണോസു മാത്രമുള്ള ചെറിയ പള്ളികളിൽ പെരുന്നാൾ മുറയനുസരിച്ചുള്ള രാവിലത്തെ കുർബ്ബാന മാത്രം അനുഷ്ടിയ്ക്കുകയും, പിന്നീടു ദുഃഖശനിയാഴ്ചയുടെ ക്രമം നിവർത്തിക്കുകയും ചെയ്യണം. ആ ദിവസം വി. കുർബ്ബാന അനുഭവിക്കുവാൻ ഒരുക്കമുള്ളവർ വലിയ ശനിയാഴ്ചയിലെ നോമ്പിനെ കാനോനാപ്രകാരം ബഹുമാനിച്ചു കൊണ്ട്, ഉച്ചയ്ക്കുശേഷം അനുഭവിച്ചു കൊള്ളേണ്ടതാകുന്നു.”

ഈ കൽപനയുടെ മലയാളത്തിലുള്ള ശരി തർജമ മീഖായേൽ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ 1938 തുലാം രണ്ടിന് അദ്ദേഹത്തിന്റെ കീഴിലുള്ള പള്ളികൾക്കയച്ചിരുന്നു. അതിന്റെ പകർപ്പ് വന്ദ്യ ദിവ്യശ്രീ പുളിക്കപ്പറമ്പിൽ പി. പി. ജോസഫ് കോറെപ്പിസ്കോപ്പായിൽ നിന്നു ലഭിച്ചതാണ്. ചിങ്ങവനം തകിടിയിൽ യാക്കോബ് കശീശായുടെ “നടപടി ക്രമം വൈദിക ഗൈഡ് 2–ാം ഭാഗം ”എന്ന ഗ്രന്ഥത്തിലും (1948) ഈ കൽപന കൊടുത്തിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ, “കുർബാന കഴിഞ്ഞതിനാൽ ഉപവാസം വെടിയുവാൻ പാടില്ല; ചൊല്ലുന്ന പട്ടക്കാരനു മാത്രം ഒഴികഴിവുണ്ട്” എന്നും ഈ ഗ്രന്ഥത്തിൽ (പേജ് 6) പറയുന്നു.

ഈ കൽപനയിൽ പറയുന്നതുപോലെ 2010 ൽ മായൽത്തോ പെരുന്നാൾ വലിയ നോമ്പിന്റെ ശുബ്ക്കോനൊ തിങ്കളാഴ്ച വന്നില്ല. മലങ്കര സുറിയാനി സഭ 1952/1953ൽ ഗ്രിഗോറിയൻ കലണ്ടർ (പാശ്ചാത്യ രീതി) സ്വീകരിച്ചതോടെ ഈ സ്ഥിതിക്കു മാറ്റമുണ്ടായി. ഇനി 2285 ൽ മാത്രമേ ഇതു സംഭവിക്കുകയുള്ളു. ആ വർഷം മാർച്ച് 22 നാണ് ഈസ്റ്റർ; ഈസ്റ്റർ വരാവുന്ന ഏറ്റവും നേരത്തെയുള്ള തീയതിയാണിത്.

**പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കൽപന (1939)**

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും 1114 (1939) കുംഭം 19ന് പുറപ്പെടുവിച്ച 106–ാം നമ്പർ കല്പന താഴെ ചേർക്കുന്നു.

“കൂടാതെ, ഈ വർഷം ദുഃഖവെള്ളിയാഴ്ചയും വചനിപ്പുപെരുന്നാളും ഒരു ദിവസം വന്നിരിക്കുന്നതിനാൽ വെള്ളിയാഴ്ച രാവിലെ വി: കുർബ്ബാന അണയ്ക്കേണ്ടതാണ്. വ്യാഴാഴ്ച സന്ധ്യാനമസ്ക്കാരം മാറാനായ പെരുന്നാളിന്റെതും സൂത്താറാ ദുഃഖവെള്ളിയാഴ്ചയുടേയും കഴിക്കേണ്ടതാകുന്നു. രാത്രി 1–ാം കൗമ്മാ സൂബോറൊ (കന്യാസ്ത്രീ അമ്മയെ ഉദ്ദേശിച്ചുള്ളത്) യുടേയും, രണ്ടാം കൗമ്മാ ദുഃഖവെള്ളിയാഴ്ചയുടേയും 3–ാം കൗമ്മാ “ആന്നീദേ”യുടെ

തുടങ്ങി തൂറൊദ്സീനൈ, എന്ന അപേക്ഷവരെയും ചൊല്ലി വി: കുർബ്ബാന അണയ്ക്കേണ്ടതാകുന്നു. വി: കുർബ്ബാനക്കുശേഷം ദുഃഖവെള്ളിയാഴ്ചയുടെ "സപ്രൊ" തുടങ്ങി എല്ലാ പ്രാർത്ഥനകളും ശുശ്രൂഷകളും ക്രമമായി നടത്തിക്കൊള്ളുകയും വേണം."

കവിയൂർ സ്ലീബാ പള്ളിയിലെ കൽപന ഫയലിൽ നിന്ന് മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയംഗം അഡ്വ. ബിജു ഉമ്മനും മറ്റൊരു ഇടവകാംഗമായ അങ്ങാടിയിൽ പനങ്ങായിൽ ശ്രീ. പി.സി. ചാക്കോ (ജോയി)യും ചേർന്നാണ് ഈ കൽപന കണ്ടെത്തിയത്. 1950 ലും ഇതുപോലെ കൽപനകൾ പുറപ്പെടുവിച്ചിട്ടുള്ളതായി കരുതുന്നു. എന്നാൽ അവ കണ്ടെത്താൻ കഴിഞ്ഞില്ല.

**'സഭാചന്ദ്രിക' മാസിക (1950)**

'സഭാചന്ദ്രിക'യിൽ (കുംഭം 1125/മാർച്ച് 1950 പേജ് 424, 425) "പരിശുദ്ധ സഭയുടെ 1950 എ.ഡി. ദുഃഖവെള്ളിയാഴ്ചയും സൂബോറോയും" എന്ന തലക്കെട്ടിൽ വന്ന ഒരു ലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ താഴെ ചേർക്കുന്നു. (അയിരൂർ മാന്നാക്കുഴിയിൽ ശ്രീ. ജേക്കബ് വർഗീസ് ആണ് ഇതു നൽകിയത്).

"...... ദുർലഭമായി സംഭവിക്കാറുള്ള ഒരു കാര്യം! 1950-ൽ പ. സഭയുടെ പെരുന്നാൾ കണക്കിനു കാണുന്നുണ്ട്. നോമ്പിന്റെ വിശുദ്ധ ആഴ്ചയിലെ വെള്ളിയാഴ്ച - ദുഃഖവെള്ളിയാഴ്ച - മീനം 25-ാം തീയതിയായ വചനിപ്പുപെരുന്നാൾ ദിവസമാണ്. പെരുന്നാളുകളിൽ മാഹാത്മ്യമേറിയ ഈ പെരുന്നാൾ മഹൽദിനം സന്തോഷപൂർവ്വം ആഘോഷിക്കണമെന്ന് വി. പിതാക്കന്മാർ നിശ്ചയിച്ച് പരമ്പരമായി നടത്തിവരുന്നു. "വചനിപ്പു" പെരുന്നാൾ - ദൈവപുത്രന്റെ അവതാരദിനം - വി. കന്യകയുടെ ഗർഭത്തിൽ ഉൽപ്പാദിച്ചതിന്റെ സ്മാരകം, ദുഃഖവെള്ളിയാഴ്ച വന്നാലും അന്ന് സന്തോഷസൂചകമായ വി. കുർബ്ബാന അതിരാവിലെ നടത്തുകയെന്നത് വി. സഭയുടെ പാരമ്പര്യമാണ്. വ്യാഴാഴ്ച അസ്തമിച്ച് പെരുന്നാൾ മുറയ്ക്കുള്ള പെങ്കീസാനമസ്കാരങ്ങൾ, ഏവൻഗേലിയൂൻ, മറ്റു പെരുമാറ്റങ്ങൾ ഇവ ആരംഭിക്കുന്നു. പ്രഭാതപ്രാർത്ഥനയും മറ്റും പെരുന്നാൾ മുറയ്ക്കു നടത്തി, വി. കുർബ്ബാന പെരുന്നാൾ രീതിയിൽ സർവ്വ ചടങ്ങുകളോടുകൂടി അവസാനിപ്പിക്കുന്നു. "നിന്നെ പ്രസവിച്ച മാതാവിന്റെയും....." "ദൈവമേ നീ പരിശുദ്ധനാകുന്നു ....." ആദിയായവയും, "കാദീശ് ആബോ കാദീശോ" ചൊല്ലി ധൂപക്കുറ്റി വാഴ്ത്തലും , സമാധാന കൈഹസ്തൂരി കൊടുക്കലുമെല്ലാം നടത്തുന്നു. വി. കുർബ്ബാന കഴിഞ്ഞ്, ചൊല്ലുന്ന പുരോഹിതൻ പോലും മറ്റാഹാരം കഴിച്ച് നോമ്പു ലംഘിക്കണമെന്നില്ല. വി. കുർബ്ബാന സാധാരണ ആഹാരമല്ലല്ലോ. 9 മണിയ്ക്ക് വീണ്ടും ഹാശായുടെ നമസ്കാരങ്ങൾ, കുമ്പിടീലുകൾ, ക്രമങ്ങൾ ആദിയായവ വലിയ വെള്ളിയാഴ്ചയുടെ രീതിയിൽ തുടങ്ങും. ഏവംവിധമായ പാരമ്പര്യം ചരിത്രപരമായി കേരളത്തിനു ലഭിച്ചത് 1877-ൽ പ. പത്രോസ് പാത്രിയർക്കീസ് ബാവായിൽ നിന്നാണ്. അതിനുമുൻപു കേരളീയസഭ ഇതെങ്ങിനെ നടത്തിയെന്ന് രേഖകൾ ഒന്നുമില്ല. ഭാരതീയരാകട്ടെ, കേരളീയരാകട്ടെ, ചരിത്രം രേഖപ്പെടുത്തി സൂക്ഷിക്കുന്ന കാര്യത്തിൽ പണ്ടു മുതല്ക്കെ വളരെ പിന്നോക്കമായിരുന്നു. 1877-ൽ വി. പത്രോസ് പാത്രിയർക്കീസ് ബാവാ തിരുമേനി ഹാശാ നടത്തിയത് അങ്കമാലി പള്ളിയിൽ വച്ചായിരുന്നു. അങ്കമാലി ഭദ്രാസന ഇടവകയുടെ മെത്രാൻ അമ്പാട്ട് മോർ കൂറീലോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ ഡയറിയിൽ നിന്ന് അന്നു നടത്തിയ രീതി നമുക്കു ലഭിക്കുന്നുണ്ട്. ഇപ്പോൾ സിംഹാസനാരൂഢനായിരിക്കുന്ന സഭാചരിത്രപടുവും മഹാനും ശ്രേഷ്ഠനുമായ മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ തിരുമനസ്സുകൊണ്ട് മലങ്കര സഭയ്ക്കയച്ച സർക്കുലർ കല്പനയിലും ഈ പെരുന്നാൾ ഉപവാസദിവസങ്ങളിൽ വന്നാൽ എങ്ങിനെ ആചരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്..... (പിറമാടം ദയറായിൽ നിന്ന്)." (1877ലെ സംഭവം അകപ്പറമ്പു പള്ളിയിൽ നടന്നതായിട്ടാണ് കരവട്ടുവീട്ടിൽ ശെമവോൻ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ നളാഗമത്തിൽ കാണുന്നത്).

**പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ പുത്തൻകാവു പള്ളിയിൽ (1950)**

1950 ഏപ്രിൽ ഏഴിന് പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ പുത്തൻകാവു പള്ളിയിൽ ഈ വിശേഷദിവസങ്ങൾ ഒരുമിച്ച് ആചരിച്ചതിനെപ്പറ്റി അദ്ദേഹത്തിന്റെ ഡയറിയിൽ ഇപ്രകാരം കാണുന്നു: "സൂബോറൊ പ്രമാണിച്ച് വെളുപ്പിന് വി. കുർബ്ബാന അർപ്പിച്ചു. 8 മണിക്കു ദുഃഖവെള്ളിയാഴ്ചയുടെ നമസ്കാരവും മറ്റും ആരംഭിച്ചു. ശുശ്രൂഷകൾക്കുശേഷം 5 മണിയോടുകൂടി എല്ലാം അവസാനിച്ചു."

**പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവായുടെ കുറിപ്പ്**

പരിശുദ്ധ ബസേലിയോസ് മാർതോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ സ്വന്തം കൈപ്പടയിലെഴുതിയ കുറിപ്പു പുസ്തകത്തിൽ പറയുന്ന കാര്യങ്ങൾ താഴെ ചേർക്കുന്നു. ഔഗേൻ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ ആണ് ഈ വിവരം നൽകിയത്.

"വചനിപ്പു പെരുന്നാൾ - ഇത് ഏതു ദിവസം വന്നാലും അതിന്റെ പ്രാധാന്യം കൊണ്ട് വി. കുർബാന ചൊല്ലും. മാറാനായ ആയിരിക്കും. അതനുസരിച്ച് നമസ്കാരങ്ങൾ നടത്തണം. വചനിപ്പിന്റെ പെങ്കീസാ നമസ്കാരമോ അതല്ലെങ്കിൽ ബുധനാഴ്ച നമസ്കാരമോ നടത്താം. നാലാം നിറമായിരിക്കും. ദുഃഖവെള്ളിയാഴ്ച വന്നാലും അന്നു മാറാനായ പെരുന്നാളായി ആചരിക്കണം. തലേദിവസം സന്ധ്യ മുതൽ പിറ്റേ ദിവസം കാലത്തെ വി. കുർബാന വരെയുള്ള നമസ്കാരങ്ങൾ വചനിപ്പിന്റേതായിരിക്കും. മാറാനായ പെരുന്നാൾ ആകയാൽ കുമ്പിടീൽ ആവശ്യമില്ല. വി. കുർബാന കഴിഞ്ഞ് അയിസ്സം വെടിഞ്ഞ് ഭക്ഷണം കഴിക്കാം. തുടർന്ന് ദുഃഖവെള്ളിയാഴ്ചയുടെ ശുശ്രൂഷകൾ നടത്തണം.

ദുഃഖവെള്ളി - ദുഃഖവെള്ളിയാഴ്ച വചനിപ്പു വന്നാൽ അതു മാറാനായ ആകയാൽ അതിന്റെ പ്രാധാന്യത്തിനനുസരിച്ച് നമസ്കാരം, വി. കുർബാന എന്നിങ്ങനെയുള്ള എല്ലാ കാര്യങ്ങളും നടത്തുന്നു. ഒന്നുരണ്ടു കൊല്ലങ്ങളിൽ വചനിപ്പു ദുഃഖവെള്ളിയാഴ്ച വന്നതായി അറിയാം. വചനിപ്പിന്റെ പെങ്കീസാ നമസ്കാരമോ അതല്ലെങ്കിൽ ബുധനാഴ്ച നമസ്കാരമോ നടത്തണം. ദുഃഖവെള്ളിയാഴ്ചയുടെ സന്ധ്യ മുതൽ മൂന്നാം മണി വരെയുള്ള കഷ്ടാനുഭവ ആഴ്ച നമസ്കാരം വിടുന്നു. മൂന്നാം മണി വരെയുള്ള പെങ്കീസാ അഥവാ ബുധനാഴ്ച നമസ്കാരം നടത്തിയിട്ട് കാലത്തു തന്നെ വി. കുർബാന ചൊല്ലുന്നു. അപ്പോൾ കാദീശാത്താലോഹോ, ശ്ലോമ്മോ, ത്രോണോസു മുത്ത്, കൈമുത്ത് എന്നിവയെല്ലാം നടത്തുന്നു. കുർബാന കഴിഞ്ഞാൽ കുർബാന ചൊല്ലുകയും അനുഭവിക്കുകയും ചെയ്യുന്നവർക്ക് ലഘുഭക്ഷണം കഴിച്ച് അയിസ്സം മുറിക്കാം. പിന്നീടുള്ള സമയം ദുഃഖവെള്ളിയായി ആചരിക്കണം. ദുഃഖവെള്ളിയാഴ്ചയുടെ ഉച്ചനമസ്കാരം നടത്തിയിട്ട് ആദ്യ പ്രദക്ഷിണവും അതിനുശേഷം ഇരുപത്തിരണ്ടരയുടെ നമസ്കാരം, സ്ലീബാ വന്ദനവ്, രണ്ടാം പ്രദക്ഷിണം, സ്ലീബാ ആഘോഷം, കബറടക്കം മുതലായവയെല്ലാം ക്രമപ്രകാരം നടത്തും."

**മലങ്കര എപ്പിസ്ക്കാപ്പൽ സുന്നഹദോസ് നിശ്ചയം (2005)**

2005 മാർച്ച് 25ന് ഈ വിശേഷദിവസങ്ങൾ ഒരുമിച്ചു വരുന്നതിനെ സംബന്ധിച്ച് പരിശുദ്ധ എപ്പിസ്ക്കാപ്പൽ സുന്നഹദോസ് (2005 ഫെബ്രുവരി 21 - 26) കൈക്കൊണ്ട നിശ്ചയം മിനിറ്റ്സിൽ ഇങ്ങനെ കാണുന്നു:

അജണ്ട 25 : അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതരവിഷയങ്ങൾ 1) ദുഃഖവെള്ളിയാഴ്ചയും വചനിപ്പ് പെരുന്നാളും ഒരുമിച്ച് വന്നാൽ അത് ആചരിക്കേണ്ട രീതിയെ സംബന്ധിച്ച്:

ടി വിഷയത്തെ സംബന്ധിച്ച് തോട്ടപ്പുഴ ശ്രീ. വറുഗീസ് ജോൺ തയ്യാറാക്കിയ നോട്ടും, പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് 1939-ൽ അയച്ച ഒരു കൽപനയും സുന്നഹദോസ് അംഗങ്ങൾക്ക് വിതരണം ചെയ്തു.

ഈ വർഷം ദുഃഖവെള്ളിയാഴ്ചയും വചനിപ്പു പെരുന്നാളും ഒരുമിച്ച് വരുന്നതിനാൽ, അത് എപ്രകാരം ആചരിക്കണം എന്നുള്ളതിനെക്കുറിച്ച് സുന്നഹദോസ് ദീർഘമായി ചർച്ചകൾ നടത്തി താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു.

"വചനിപ്പുപെരുന്നാൾ ഏതു ദിവസം വന്നാലും അത് മാറാനായ പെരുന്നാൾ ആയതിനാൽ വി: കുർബ്ബാന അർപ്പിക്കേണ്ടതാണെന്നും, അതനുസരിച്ച് നമസ്ക്കാരങ്ങൾ നടത്തേണ്ടതാണെന്നും, വചനിപ്പിന്റെ പെങ്കീസാ നമസ്ക്കാരമോ, അതല്ലെങ്കിൽ ബുധനാഴ്ച നമസ്ക്കാരമോ നടത്തേണ്ടതാണെന്നും, വചനിപ്പു പെരുന്നാൾ ദുഃഖവെള്ളിയാഴ്ച വന്നാലും അത് മാറാനായ പെരുനാൾ ആയി ആചരിക്കേണ്ടതാണെന്നും, തലേദിവസം സന്ധ്യ മുതൽ പിറ്റെ ദിവസം പ്രഭാതത്തിലെ വി: കുർബ്ബാനവരെയുള്ള നമസ്ക്കാരങ്ങൾ വചനിപ്പു പെരുന്നാളിന്റേതായിരിക്കണമെന്നും, മാറാനായ പെരുനാൾ ആകയാൽ കുമ്പിടീൽ ആവശ്യമില്ലെന്നും, തുടർന്ന് ദുഃഖവെള്ളിയാഴ്ചയുടെ ശുശ്രൂഷകൾ പ്രഭാതനമസ്ക്കാരം മുതൽ തുടങ്ങി സ്ലീബാ വന്ദനവും മറ്റും നടത്തേണ്ടതാണെന്നും സുന്നഹദോസ് തീരുമാനിച്ചു."

**പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായുടെ കൽപന (2005)**

സുന്നഹദോസ് നിശ്ചയമനുസരിച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ 2005 ഫെബ്രുവരി 22ന് പുറപ്പെടുവിച്ച 33-ാം നമ്പർ കൽപന താഴെ ചേർക്കുന്നു.

"നിങ്ങൾ എല്ലാവരുടെയും ക്ഷേമം ആരാഞ്ഞുകൊണ്ട് സ്നേഹപുരസരം നാം എഴുതി അറിയിക്കുന്നത്. ഈ വർഷം ദു:ഖവെള്ളിയാഴ്ചയും, വചനിപ്പു പെരുനാളും ഒരു ദിവസം വരുന്നതിനാൽ അത് എപ്രകാരം ആചരിക്കണമെന്ന് നാം നിങ്ങളെ അറിയിക്കുന്നു. വചനിപ്പുപെരുനാൾ ഏതുദിവസം വന്നിരുന്നാലും അത് മാറാനായ പെരുനാൾ ആയതിനാൽ അന്നേ ദിവസം വി. കുർബ്ബാന അർപ്പിക്കേണ്ടതും പെരുനാൾ ക്രമം അനുസരിച്ചുള്ള നമസ്കാരങ്ങൾ നടത്തേണ്ടതുമാണ്. വചനിപ്പിന്റെ പെങ്കീസാ നമസ്കാരമോ, അതല്ലെങ്കിൽ ബുധനാഴ്ച നമസ്കാരമോ നടത്താവുന്നതാണ്. ഈ വർഷം വചനിപ്പു പെരുനാൾ ദു:ഖവെള്ളിയാഴ്ച വരുന്നതിനാൽ അത് മാറാനായ പെരുനാളായി ആചരിക്കേണ്ടതാണ്. തലേദിവസം സന്ധ്യമുതൽ പിറ്റേദിവസം രാവിലെ വി. കുർബ്ബാന വരെയുള്ള നമസ്ക്കാരങ്ങൾ വചനിപ്പ് പെരുനാളിന്റേത് ആയിരിക്കണം. മാറാനായ പെരുനാൾ ആയതിനാൽ കുമ്പിടീൽ ആവശ്യമില്ല. തുടർന്ന് ദു:ഖവെള്ളിയാഴ്ചയുടെ ശുശ്രൂഷകൾ പ്രഭാത നമസ്കാരം മുതൽ തുടങ്ങി സ്ലീബാവന്ദനവും മറ്റും നടത്തേണ്ടതാണ്. പരിശുദ്ധ നോമ്പിൽ പതിവുള്ളതുപോലെ കുമ്പിടീലും നടത്തേണ്ടതാണ്."

**ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവായുടെ കൽപന (2005)**

വചനിപ്പു പെരുന്നാളും വലിയ വെള്ളിയാഴ്ചയും ഒരേ ദിവസം വരുമ്പോൾ അതാചരിക്കേണ്ട വിധത്തെപ്പറ്റി ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 2005 ഫെബ്രുവരി 21ലെ പി 7/2005 നമ്പർ കൽപനയിൽ നിന്ന്:

"വി. ദൈവമാതാവിനോടുള്ള വചനിപ്പിന്റെ ഓർമ്മപെരുന്നാൾ എല്ലാ വർഷവും മാർച്ച് 25-ാം തീയതി ആചരിച്ചു വരികയാണല്ലോ. വചനിപ്പുപെരുന്നാൾ ഏതു ദിവസം വന്നാലും, മാറാനായ ദിവസമാകയാൽ പെരുന്നാൾ മുറയനുസരിച്ച് വി. കുർബ്ബാന അർപ്പിക്കേണ്ടതാണെന്ന് കാനോൻ അനുശാസിക്കുന്നു. ഈ വർഷം മാർച്ച് 25-ാം

തീയതി ദുഃഖവെള്ളിയാഴ്ചയായി വന്നിരിക്കുന്നു. ഇതു സംബന്ധിച്ച് പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് ചർച്ച ചെയ്ത് കൈക്കൊണ്ടിട്ടുള്ള നിശ്ചയം നാം നിങ്ങളെ അറിയിക്കുന്നു. മാർച്ച് 25-ാം തീയതി പെരുന്നാൾ മുറയനുസരിച്ച് രാവിലെ തന്നെ വി. കുർബാന അർപ്പിച്ച് 8 മണിക്ക് തീർത്തശേഷം 9 മണിക്ക് ദുഃഖവെള്ളിയാഴ്ചയുടെ ക്രമങ്ങൾ മുറപ്രകാരമുള്ള പ്രാർത്ഥനയോടെ ആരംഭിക്കേണ്ടതാണ്. വചനിപ്പ് പെരുന്നാളായ വലിയ ദിവസത്തിന്റെ പ്രാധാന്യത്തെപ്രതി വി. കുർബ്ബാന അർപ്പിക്കാം എങ്കിൽ തന്നെയും നോമ്പിന്റെ വ്രതം മാറ്റുവാൻ പാടില്ലാത്തതാകുന്നു."

**പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവായുടെ കൽപന (2016)**

2016 മാർച്ച് 25ന് ഈ വിശേഷദിവസങ്ങൾ ഒരുമിച്ചു വരുന്നതിനെ സംബന്ധിച്ച് പരിശുദ്ധ ബസേലിയോസ് മാർതോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ 2016 ജനുവരി 27ന് പുറപ്പെടുവിച്ച 13-ാം നമ്പർ കല്പന യിലെ പ്രസക്തഭാഗം താഴെ ചേർക്കുന്നു.

"കർത്താവിൽ പ്രിയരെ, ഈ വർഷം ദു:ഖവെള്ളിയാഴ്ചയും, വചനിപ്പു പെരുന്നാളും ഒരേദിവസം വരുന്നതി നാൽ അത് എപ്രകാരം ആചരിക്കണമെന്ന് നാം നിങ്ങളെ അറിയിക്കുന്നു. വചനിപ്പുപെരുന്നാൾ ഏതുദിവസം വന്നി രുന്നാലും അത് മാറാനായ പെരുന്നാൾ ആയതിനാൽ അന്നേദിവസം വി. കുർബ്ബാന അർപ്പിക്കേണ്ടതും പെരുന്നാൾ ക്രമം അനുസരിച്ചുള്ള നമസ്കാരങ്ങൾ നടത്തേണ്ടതുമാണ്. വചനിപ്പിന്റെ പെങ്കീസാ നമസ്കാരമോ, അതല്ലെങ്കിൽ പൊതുവായ പെരുന്നാളുകൾക്ക് നടത്തുന്ന സ്ലീബാ നമസ്കാരമോ നടത്താവുന്നതാണ്. തലേദിവസം സന്ധ്യമു തൽ പിറ്റേദിവസം രാവിലെ വി. കുർബ്ബാന വരെയുള്ള നമസ്കാരങ്ങൾ വചനിപ്പ് പെരുനാളിന്റേത് ആയിരിക്കണം; കുമ്പിടീൽ ആവശ്യമില്ല. തുടർന്ന് ദു:ഖവെള്ളിയാഴ്ചയുടെ പ്രഭാത നമസ്കാരം മുതൽ തുടങ്ങി സ്ലീബാവന്ദനവും കബറടക്കവുമുൾപ്പെടെയുള്ള ശുശ്രൂഷകൾ നടത്തണം. പരിശുദ്ധ നോമ്പിൽ പതിവുള്ളതുപോലെ കുമ്പിടീലും നടത്തേണ്ടതാണ്."

**ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവായുടെ കൽപന (2016)**

ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 2016 മാർച്ച് 13ലെ പി 4/2016 നമ്പർ കൽപനയിൽ നിന്ന്:

"വി. ദൈവമാതാവിന്റെ വചനിപ്പ് പെരുന്നാൾ എല്ലാവർഷവും മാർച്ച് മാസം 25-ാം തീയതി ആചരിച്ചു വരികയാണല്ലോ. വചനിപ്പുപെരുന്നാൾ ഏതു ദിവസം വന്നാലും അന്ന് ഏറ്റവും വലിയ മാറാനായ ദിവസമാകയാൽ പെരുന്നാൾ മുറയനുസരിച്ച് വി. കുർബ്ബാന അർപ്പിക്കേണ്ടതാണ്. ഈ വർഷം മാർച്ച് മാസം 25-ാം തീയതി ദുഃഖവെള്ളിയാഴ്ചയായി വന്നിരിക്കുന്നു. മാർച്ച് മാസം 25-ാം തീയതി പെരുന്നാൾ മുറയനുസരിച്ച് അതിരാവിലെ തന്നെ വി. കുർബാന അർപ്പിച്ച് 8.00 മണിയ്ക്ക് മുമ്പായി പെരുന്നാൾ ക്രമങ്ങൾ തീർത്തശേഷം 8.30 ന് ദുഃഖവെള്ളിയാഴ്ചയുടെ ക്രമങ്ങൾ മുറപ്രകാരമുള്ള പ്രാർത്ഥനകളോട് കൂടെ ആരംഭിക്കേണ്ടതാണ്. വചനിപ്പ് പെരുന്നാളായ വലിയ ദിവസത്തിന്റെ പ്രാധാന്യത്തെപ്രതി വി. കുർബ്ബാന അർപ്പിക്കുന്നു. എങ്കിൽ തന്നെയും നോമ്പിന്റെ വ്രതം തുടങ്ങിയവ മാറ്റുവാൻ പാടില്ലാത്തതാകുന്നു."

**കുര്യാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ കൽപന (2016)**

മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ ആർച്ച്ബിഷപ്പ് കുര്യാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ കൽപനയിൽ (നമ്പർ 39/16 - 10.03.2016) നിന്ന്:

"ഈ വർഷം വചനിപ്പു പെരുന്നാളും ദു:ഖവെള്ളിയാഴ്ചയും ഒരേദിവസം ആകയാൽ അന്നേ ദിവസം വി. കുർബ്ബാന അർപ്പിക്കേണ്ടതും പെരുന്നാൾ ക്രമം അനുസരിച്ചുള്ള നമസ്കാരങ്ങൾ നടത്തേണ്ടതുമാണ്. വചനിപ്പു പെരുന്നാൾ ഏതുദിവസം ആയാലും അന്നുതന്നെ ആചരിക്കണമെന്ന് സുറിയാനി സഭയുടെ പരി. പിതാക്കന്മാർ പഠിപ്പിക്കുന്നു. വി. കുർബാനയ്ക്കുശേഷം ദു:ഖവെള്ളിയാഴ്ചയുടെ മൂന്നാംമണി നമസ്കാരം തുടങ്ങി പതിവ് ശുശ്രൂഷകൾ നടത്താവുന്നതാണ്."

**അയൂബ് മാർ സിൽവാനോസ് മെത്രാപ്പോലീത്തായുടെ കൽപന (2016)**

മലങ്കര സിറിയൻ ക്നാനായ ആർച്ച്ഡയോസിസ് അമേരിക്കാ, കാനഡാ, യൂറോപ്പ് റീജിയൻ മെത്രാപ്പോലീത്താ ആർച്ച്ബിഷപ്പ് അയൂബ് മാർ സിൽവാനോസ് പുറപ്പെടുവിച്ച കൽപനയിൽ (നമ്പർ എസ്എ 07/16 - 04.03.2016) നിന്ന്:

"ഈ വർഷം വചനിപ്പു പെരുന്നാളും, ദു:ഖവെള്ളിയാഴ്ചയും ഒരേദിവസം വരുന്നതിനാൽ അത് എപ്രകാരം ആചരിക്കണമെന്ന് നാം നിങ്ങളെ അറിയിക്കുന്നു. വചനിപ്പുപെരുന്നാൾ ഏതു ദിവസം വന്നാലും അന്നു തന്നെ ആചരിക്കണമെന്ന് ഹൂദായ കാനോനിലും, അത് മാറാനായ പെരുന്നാൾ ആയതിനാൽ അന്നേ ദിവസം വി. കുർബ്ബാന അർപ്പിക്കണമെന്നും, പെരുന്നാൾ ക്രമം അനുസരിച്ചുള്ള നമസ്കാരങ്ങൾ നടത്തേണ്ടതാണെന്നും ഭാഗ്യസ്മരണാർഹനായ പരി. ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ 1938 ജൂലൈ 8-ാം തീയതിയിലെ 464-ാം നമ്പർ കല്പ്പനയിൽ പ്രതിപാദിച്ചിരിക്കുന്നു. അതനുസരിച്ച് തലേദിവസം സന്ധ്യമുതൽ പിറ്റേദിവസം രാവിലെ വി. കുർബ്ബാനവരെയുള്ള നമസ്കാരങ്ങൾ വചനിപ്പിന്റെ പെങ്കീസാ നമസ്കാരമോ, അതല്ലെങ്കിൽ പൊതുവായ പെരുന്നാളുകൾക്ക് ഉപയോഗിക്കുന്ന സ്ലീബാ നമസ്കാരമോ ആയിരിക്കേണ്ടതും,

കുമ്പിടീൽ ആവശ്യമില്ലാത്തതുമാകുന്നു. വി. കുർബ്ബാനയ്ക്കു ശേഷം ദു:ഖവെള്ളിയാഴ്ചയുടെ മൂന്നാം മണി നമസ്കാരം മുതൽ തുടങ്ങി സ്ലീബാവന്ദനവും കബറടക്കവുമുൾപ്പെടെയുള്ള ശുശ്രൂഷകൾ നടത്തുകയും, പരി. നോമ്പിൽ പതിവുള്ളതുപോലെ കുമ്പിടീലും നടത്തേണ്ടതാണ്."

**ഇതുവരെ ആകെ 67 തവണ**

നിഖ്യാസുന്നഹദോസ് (എ.ഡി. 325) മുതൽ കലണ്ടർ പരിഷ്കരണം (എ.ഡി.1582) വരെ എല്ലാ ക്രൈസ്തവരും ഒരേ തീയതികളിൽ തന്നെ വിശേഷ ദിവസങ്ങൾ ആചരിച്ചിരുന്നതായി കരുതുന്നു. ഈ കാലഘട്ടത്തിൽ 39 പ്രാവശ്യം (343, 354, 365, 376, 438, 449, 460, 533, 544, 623, 628, 707, 718, 791, 802, 813, 875, 886, 897, 908, 970, 981, 992, 1065, 1076, 1155, 1160, 1239, 1250, 1323, 1334, 1345, 1407, 1418, 1429, 1440, 1502, 1513, 1524) മാർച്ച് 25 നു ദുഃഖവെള്ളിയാഴ്ചയും വചനിപ്പുപെരുന്നാളും ഒരുമിച്ചു വന്നിട്ടുണ്ട്.

1582 ൽ തന്നെ പൂർണമായി ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചവർക്ക് 54-ാം (39+15) പ്രാവശ്യമാണ് ഇവ ഒരുമിച്ചു വരുന്നത്. 2005നു മുമ്പ് ഗ്രിഗോറിയൻ കലണ്ടറിൽ 1622, 1633, 1644, 1701, 1712, 1785, 1796, 1842, 1853, 1864, 1910, 1921, 1932 എന്നീ വർഷങ്ങളിൽ മാർച്ച് 25ന് വചനിപ്പു പെരുന്നാളും ദുഃഖവെള്ളിയാഴ്ചയും ഒരുമിച്ചു വന്നിട്ടുണ്ട്.

ഇപ്പോഴും പൂർണമായി ജൂലിയൻ കലണ്ടർ പിന്തുടരുന്നവർക്ക് 1597, 1608, 1687, 1692, 1771, 1782, 1855, 1866, 1877, 1939, 1950 എന്നീ വർഷങ്ങൾക്കു ശേഷം 1961, 1972 എന്നീ വർഷങ്ങളിലും ഇവ ഒരുമിച്ചു വന്നു. ആകെ 52 (39+13) പ്രാവശ്യം. 1953ൽ മാത്രം ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ച മലങ്കര സഭയെ സംബന്ധിച്ച് എ.ഡി. 325 മുതൽ 2016 വരെ 52 (39+11+2) പ്രാവശ്യം ഇവ ഒരുമിച്ചു വന്നതായി കണക്കാക്കാം. എല്ലാം കൂടി ഉൾപ്പെടുത്തിയാൽ 325 – 2016 കാലത്ത് രണ്ടു കലണ്ടറുകളിലുമായി 67 (39+15+13) പ്രാവശ്യം ഇവ ഒരുമിച്ചു വരുന്നു.

**അന്ത്യോഖ്യൻ സുറിയാനി സഭയിൽ**

ഇപ്പോഴും പൂർണമായി ജൂലിയൻ കലണ്ടർ ഉപയോഗിക്കുന്നവർക്ക് ഇനിയും 2034, 2045, 2056 തുടങ്ങിയ വർഷങ്ങളിൽ ഇവ ഒരുമിച്ചു വരും. സിറിയക് ഓർത്തഡോക്സ് (അന്ത്യോഖ്യൻ സിറിയൻ) സഭ വിശുദ്ധ നാടുകളിൽ എല്ലാ വിശേഷ ദിവസങ്ങളും ജൂലിയൻ കലണ്ടർ അനുസരിച്ചാണ് ആചരിക്കുന്നത്. എന്നാൽ സിറിയ, ജോർദാൻ, ടർക്കി, ഇറാക്ക് തുടങ്ങിയ പശ്ചിമേഷ്യൻ (മദ്ധ്യപൂർവ്വ) രാജ്യങ്ങളിൽ അന്ത്യോഖ്യൻ സുറിയാനി സഭയ്ക്ക് ഇനിയും (1950 നു ശേഷം) വചനിപ്പു പെരുന്നാളും ദുഃഖവെള്ളിയാഴ്ചയും ഒരുമിച്ചു വരികയില്ല. ക്രിസ്മസ് (യൽദോ), വചനിപ്പു (സൂബോറോ) പെരുന്നാൾ തുടങ്ങി നിശ്ചിത തീയതിയിൽ വരുന്ന വിശേഷ ദിവസങ്ങൾ (Fixed Feasts) മാത്രം 1955 മുതൽ ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ചും ഈസ്റ്റർ (ക്യംതാ) ഉൾപ്പെടെ നിശ്ചിത തീയതിയിൽ വരാത്ത വിശേഷ ദിവസങ്ങൾ (Movable Feasts) നേരത്തെയുള്ളതുപോലെ ജൂലിയൻ കലണ്ടർ അനുസരിച്ചും ഈ രാജ്യങ്ങളിൽ ആചരിക്കുന്നു. അതു കൊണ്ട് ഈ രാജ്യങ്ങളിൽ സുറിയാനി സഭയുടെ വചനിപ്പു പെരുന്നാൾ മാർച്ച് 25 നാണെങ്കിലും ദുഃഖവെള്ളിയാഴ്ച (20, 21 നൂറ്റാണ്ടുകളിൽ) ഏപ്രിൽ രണ്ടിനു മുമ്പ് വരികയില്ല. എന്നാൽ പാശ്ചാത്യ രാജ്യങ്ങളിലും ഇന്ത്യയിലും സുറിയാനിസഭ എല്ലാ വിശേഷ ദിവസങ്ങളും ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ച് ആചരിക്കുന്നതിനാൽ അവർക്കും 2016ൽ ഈ വിശേഷദിവസങ്ങൾ ഒരുമിച്ചു വരും. ഒരേ സഭയിൽ തന്നെ രണ്ടു കലണ്ടറുകൾ മൂന്നു രീതികളിൽ പ്രാദേശികാടിസ്ഥാനത്തിൽ ഉപയോഗിച്ചിരുന്നതു കൗതുകകരമായ ഒരു വസ്തുതയാണ്.

**വചനിപ്പു പെരുന്നാൾ ഹേവോറേ ആഴ്ചയിൽ**

വചനിപ്പു പെരുന്നാൾ മിക്ക വർഷവും വലിയ നോമ്പിൽ വരുമെങ്കിലും അപൂർവമായി മറിച്ചും സംഭവിക്കാം. 1885, 1896, 1915, 1942, (1953) എന്നീ വർഷങ്ങളിൽ ഈ പെരുന്നാൾ വലിയ നോമ്പിൽ വന്നില്ല. 2008 മാർച്ച് 23ന് ഈസ്റ്റർ വന്നതിനാൽ ഇത് ആവർത്തിച്ചു. ഇനിയും 2160, 2228, 2285 വർഷങ്ങളിൽ ഇത് ആവർത്തിക്കും. വചനിപ്പു പെരുന്നാൾ ഹേവോറേ ആഴ്ചയിൽ തിങ്കൾ (1885, 1896, 2391), ചൊവ്വാ (1942, 1953, 2160, 2228, 2380), ബുധൻ (1668, 1915, 2285, 2353) ദിവസങ്ങളിൽ വരാവുന്നതാണെന്ന് ചുരുക്കം. യഥാക്രമം ഓദോർ/മാർച്ച് 24, 23, 22 തീയതികളിൽ ഈസ്റ്റർ വരുന്ന വർഷങ്ങളാണിവ.

1953ൽ പാത്രിയർക്കീസ് കക്ഷിയുടെ വചനിപ്പുപെരുന്നാൾ (മാർച്ച് 25) വലിയനോമ്പിൽ വന്നപ്പോൾ കാതോലിക്കാ കക്ഷിയുടേത് (സു.ക. മീനം 25 / ഏപ്രിൽ 7) വന്നില്ല. ഇരു കക്ഷികളും ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ച തീയതികളാണ് (1952 ഡിസംബർ 15, 1953 മേയ് 14) ഈ വ്യത്യാസത്തിനു കാരണമായത്. അക്കൊല്ലം ഇരുകൂട്ടരും ഉയിർപ്പുപെരുന്നാൾ ഒരേ ദിവസമാണ് (നീസാൻ 23 / സു.ക. മീനം 23 /ഏപ്രിൽ 5) ആഘോഷിച്ചത്. അതുകൊണ്ട് ജൂലിയൻ-ഗ്രിഗോറിയൻ കലണ്ടർ മാറ്റം ആശയക്കുഴപ്പം കൂടാതെ നടപ്പാക്കാൻ കഴിഞ്ഞു. 1900 – 1953 കാലത്ത് 16 പ്രാവശ്യം മലങ്കര സുറിയാനി സഭയും പാശ്ചാത്യ സഭകളും ഒരുമിച്ച് ഈസ്റ്റർ ആഘോഷിച്ചിട്ടുണ്ട്.

**വചനിപ്പു പെരുന്നാൾ ഈസ്റ്റർ ഉൾപ്പെടെ മറ്റു വിശേഷദിവസങ്ങളിൽ**

1817, 1828, 1912 വർഷങ്ങളിൽ ഈ പെരുന്നാളും ഈസ്റ്ററും ഒരുമിച്ചു വന്നിട്ടുണ്ട്. 2035, 2046, 2103 എന്നീ വർഷങ്ങളിലും ഇങ്ങനെ വരും. ഇങ്ങനെയുള്ള ഈസ്റ്റർ ദിവസത്തെ 'Kyriopascha' (The Lord's Pascha) എന്നു വിളിക്കുന്നു. വചനിപ്പു പെരുന്നാളും ദുഃഖശനിയാഴ്ചയും 1923, 1934, 1967, 1978, 1989 എന്നീ വർഷങ്ങളിൽ ഒരുമിച്ചു വന്നു. 2062, 2073, 2084, 2119 എന്നീ വർഷങ്ങളിലും ഇത് ആവർത്തിക്കും. 2027, 2032, 2100 എന്നീ വർഷങ്ങളിൽ വചനിപ്പു പെരു

ന്നാളും പെസഹാവ്യാഴാഴ്ചയും ഒരുമിച്ചു വരും. 1882, 1893, 1904 എന്നീ വർഷങ്ങളിൽ ഇങ്ങനെ വന്നിട്ടുണ്ട്.

1879, 1890, 1901, 1956, 2018, 2029, 2040, 2108 എന്നിവ വചനിപ്പു പെരുന്നാളും ഓശാനാ ഞായറാഴ്ചയും ഒരുമിച്ചു വരുന്ന വർഷങ്ങൾക്ക് ഉദാഹരണങ്ങളാണ്. 20, 21 നൂറ്റാണ്ടുകളിലെ 200 വർഷങ്ങൾക്കിടയിൽ 24 പ്രാവശ്യം വചനിപ്പു പെരുന്നാൾ ഹാശാവാരത്തിലെ മറ്റു ദിവസങ്ങളിൽ (തിങ്കൾ, ചൊവ്വാ, ബുധൻ) വരുന്നുണ്ട്.

വചനിപ്പു പെരുന്നാളും ലാസറിന്റെ (ഓശാനാ) ശനിയാഴ്ചയും 1895, 1906, 1917, 1928, 1961, 1972, 2051, 2056 വർഷങ്ങളിലും വചനിപ്പു പെരുന്നാളും നാൽപതാം വെള്ളിയാഴ്ചയും 1922, 1933, 1944, 1983, 1988, 1994, 2067, 2078, 2089 വർഷങ്ങളിലും ഒരുമിച്ചു വരുന്നു. വചനിപ്പു പെരുന്നാളും പകുതിനോമ്പു ബുധനാഴ്ചയും 1926, 1937, 1948, 1981, 1987, 1992, 2071, 2076, 2082 വർഷങ്ങളിൽ ഒരുമിച്ചു വരുന്നു. (ഇവിടെ പറയുന്ന വർഷങ്ങൾ മലങ്കര സുറിയാനി സഭാ പഞ്ചാംഗം അനുസരിച്ചുള്ളതാണ്).

വചനിപ്പു പെരുന്നാൾ അല്ലാതെ തന്നെ ഹാശായുടെ ചൊവ്വാഴ്ച വി. കുർബ്ബാന അർപ്പിച്ച ഒരു സംഭവം നിരണം ഗ്രന്ഥവരിയിൽ കാണുന്നുണ്ട്. 1808 മീനം 27 (ഏപ്രിൽ 8) നാല്പതാം വെള്ളിയാഴ്ച കാലം ചെയ്ത വലിയ മാർ ദീവന്നാസിയോസ് (ആറാം മാർതോമ്മാ) മെത്രാപ്പോലീത്തായെ കബറടക്കിയത് മീനം 31 (ഏപ്രിൽ 12) ചൊവ്വാഴ്ച കാലത്ത് ഒരു ഇട്ടിയവിര കത്തനാർ പുത്തൻ കുർബാന ചൊല്ലിയതിനു ശേഷമാണ്. മീനം 25 (വചനിപ്പ്) പെരുന്നാൾ ദിവസം അദ്ദേഹത്തിന് വി. കുർബാന കാണാൻ വയ്യായിരുന്നുവെന്നും സൂചിപ്പിച്ചിട്ടുണ്ട്.

### വചനിപ്പു പെരുന്നാളിന്റെ പ്രാധാന്യം

പാശ്ചാത്യ (അന്ത്യോഖ്യൻ) സുറിയാനി സഭാ പഞ്ചാംഗത്തിൽ വചനിപ്പു (സൂബോറോ) പെരുന്നാളിന് വളരെ പ്രാധാന്യം നൽകിയിരിക്കുന്നു. മാർച്ച് 25 കൂടാതെ കൂദോശ്ഈത്തോ മുതലുള്ള നാലാമത്തെ (നവംബർ 20നും 26നും ഇടയിൽ വരുന്ന) ഞായറാഴ്ച ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ചയായി വേർതിരിച്ചിരിക്കുന്നു. "വചനിപ്പു പെരുന്നാൾ അതു വരുന്ന ദിവസം തന്നെ സഭ ആചരിക്കുന്നു" എന്ന് ഹൂദായ കാനോനിൽ (5:1) കാണുന്നു. "ഹാശാ ആഴ്ചയിൽ വചനിപ്പു പെരുന്നാൾ വന്നാൽ ഹാശായുടെ പ്രാർത്ഥന ഉപയോഗിക്കേണ്ട ആവശ്യമില്ല. അന്നു പെരുന്നാൾ രീതിയിലുള്ള നമസ്കാരം മതിയാകുന്നതാണ്" എന്ന് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ പറയുന്നു.

മദ്ധ്യകാലഘട്ടത്തിൽ മിക്ക യൂറോപ്യൻ രാജ്യങ്ങളിലും പുതിയ വർഷം ആരംഭിച്ചിരുന്നത് മാർച്ച് 25 നായിരുന്നു. മാർച്ച് 24 വരെയുള്ള തീയതികളിൽ തലേ വർഷത്തെ തീയതികളായിട്ടാണ് അവിടെ കണക്കാക്കിയിരുന്നത്. വചനിപ്പു പെരുനാളിന് യൂറോപ്യൻ രാജ്യങ്ങളിൽ വളരെ പ്രാധാന്യമുണ്ടായിരുന്നതാണ് കാരണം.

(കീഴില്ലം പുല്ലുവഴി മുകളത്ത് ഡോ. എം. കുറിയാക്കോസ് ഈ ലേഖനം തയ്യാറാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

1950ൽ ഈ വിശേഷദിവസങ്ങൾ ഒരുമിച്ചുവന്നപ്പോൾ മലങ്കര സുറിയാനി സഭയിലെ ഇരുകക്ഷികളും പുറപ്പെടുവിച്ചിട്ടുള്ളതായി കരുതപ്പെടുന്ന കല്പനകൾ കണ്ടെത്താൻ കഴിഞ്ഞില്ല. ഏതെങ്കിലും പള്ളിയിലോ ആരുടെയെങ്കിലും കൈവശമോ ഇതുമായി ബന്ധപ്പെട്ട കല്പനകൾ ഉള്ളതായി അറിയാമെങ്കിൽ ആ വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഫോൺ: 9446412907).

## നോമ്പുകളിലെ മായൽത്തോ പെരുന്നാൾ

“വലിയ നോമ്പിന്റെ ആരംഭം, ശ്ബോത്ത് രണ്ടാം തീയതിക്കും ഓദോർ എട്ടാം തീയതിക്കും ഇടയിൽ വരുന്ന അമാവാസിയോടു കൂടുതൽ അടുത്ത്, അതിനു മുമ്പോ പിമ്പോ വരുന്ന തിങ്കളാഴ്ചയായിരിക്കും” എന്ന് ഹൂദായ കാനോനിൽ (5:2) പറയുന്നു. ഇപ്പോഴത്തെ രീതിയിൽ പറയുമ്പോൾ ഫെബ്രുവരി രണ്ടിനും മാർച്ച് എട്ടിനും ഇടയിലായിരിക്കും വലിയ നോമ്പാരംഭം.

ഈ നിലയ്ക്ക് മായൽത്തോ പെരുന്നാൾ (ശ്ബോത്ത്/ഫെബ്രുവരി 2) വലിയ നോമ്പാരംഭമാകാൻ വിരളമായ സാദ്ധ്യതയുണ്ട്. ജൂലിയൻ കലണ്ടറിലെ 414, 509, 851, 946, 1041, 1383, 1478, 1573, 1915, 2010, 2105 വർഷങ്ങളിലും ഗ്രിഗോറിയൻ കലണ്ടറിലെ 1598, 1693, 1761, 1818, 2285, 2353, 2437, 2505 വർഷങ്ങളിലും വലിയനോമ്പാരംഭം ഏറ്റവും നേരത്തെയാണ്. ഈ വർഷങ്ങളിൽ ഈസ്റ്റർ ഏറ്റവും നേരത്തെ (ഓദോർ/മാർച്ച് 22) വരുന്നു. ജൂലിയൻ കലണ്ടറിലെ 604, 1136, 1668 എന്നീ അധിവർഷങ്ങളിൽ ഈസ്റ്റർ ഓദോർ/മാർച്ച് 22നാണെങ്കിലും വലിയനോമ്പാരംഭം ശ്ബോത്ത്/ഫെബ്രുവരി മൂന്നിനാണ്. മാർച്ച് 22ന് ഈസ്റ്റർ വരുന്ന വർഷങ്ങളിൽ വചനിപ്പു പെരുന്നാൾ ഹേവോറോ ബുധനാഴ്ചയായിരിക്കും. മലങ്കര സുറിയാനി സഭാ പഞ്ചാംഗ പ്രകാരം ഏറ്റവും അവസാനം ഇങ്ങനെ വന്നത് 1915ലും ഇനിയും വരുന്നത് 2285ലും ആണ്.

മായൽത്തോ പെരുന്നാൾ പലപ്പോഴും നിനവേ നോമ്പിൽ വരാറുണ്ട്. മൂന്നു നോമ്പിലെ തിങ്കളാഴ്ച (1881, 1943, 1998, 2004, 2009, 2088, 2093, 2099), ചൊവ്വാഴ്ച (1916, 1927, 1938, 1949, 1971, 1982, 1993, 2066, 2072, 2077), ബുധനാഴ്ച (1900, 1911, 1955, 1966, 1977, 2039, 2050, 2061), മൂന്നുനോമ്പ് വീടുന്ന വ്യാഴാഴ്ച (1884, 1889, 2012, 2023, 2034, 2045) ദിവസങ്ങളിൽ മായൽത്തോ പെരുന്നാൾ വരുന്നു. നീസാൻ/ഏപ്രിൽ ഒമ്പതിനും 12നും (അധിവർഷങ്ങളിൽ എട്ടിനും 11നും) ഇടയിൽ ഈസ്റ്റർ വരുമ്പോഴാണ് ഇതു സംഭവിക്കുന്നത്. (ഇവിടെ പറയുന്ന വർഷങ്ങൾ മലങ്കര സുറിയാനി സഭാ പഞ്ചാംഗം അനുസരിച്ചുള്ളതാണ്).

## ഈസ്റ്റർ തീയതികൾ

വസന്ത വിഷുവം (Vernal Equinox) ആയ മാർച്ച് 21നോ അതിനു ശേഷമോ വരുന്ന പൗർണമിയുടെ (Paschal Full Moon Day) പിറ്റെ ഞായറാഴ്ചയാണ് ഈസ്റ്റർ. ഈ പൗർണമി (പെസഹാ ചന്ദ്രൻ) ഞായറാഴ്ച വന്നാൽ ഈസ്റ്റർ അതിനടുത്ത ഞായറാഴ്ചയായിരിക്കും. നിഖ്യാ സുന്നഹദോസ് (എ.ഡി. 325) ആണ് ഈ തീരുമാനമെടുത്തത്. ഈസ്റ്റർ വരാവുന്ന ഏറ്റവും നേരത്തെയുള്ള തീയതി മാർച്ച് 22 ആണ്. ഉദാ:- 1598, 1693, 1761, 1818, 2285, 2353. ഏറ്റവും താമസിച്ചുള്ള തീയതി ഏപ്രിൽ 25 ആണ്. ഉദാ:- 1666, 1734, 1886, 1943, 2038, 2190, 2258, 2326. ഗ്രിഗോറിയൻ കലണ്ടർ അടിസ്ഥാനമാക്കിയുള്ള വർഷങ്ങളാണിവ. 2008ൽ മാർച്ച് 23നും 2011ൽ ഏപ്രിൽ 24നും ഈസ്റ്റർ വന്നിട്ടുണ്ട്. പഴയ രീതി പ്രകാരം (20, 21 നൂറ്റാണ്ടുകളിൽ) യഥാക്രമം ഏപ്രിൽ നാലും (ഉദാ: 1915, 2010) മേയ് എട്ടും (ഉദാ: 1983, 2078) ആകുന്നു. ഇക്കൊല്ലം പെസഹാ ചന്ദ്രൻ മാർച്ച് 23നാണ്. യഹൂദന്മാരുടെ പെസഹാപെരുന്നാൾ ഏപ്രിൽ 22 മുതൽ 30 വരെയാണ്.

ചില രാജ്യങ്ങളിൽ 20 കോടിയോളം ക്രൈസ്തവർ ഈ വർഷം (2016) മേയ് ഒന്നിനാണ് ഈസ്റ്റർ ആഘോഷിക്കുന്നത്. അതായത് മറ്റു ക്രൈസ്തവർ ആഘോഷിച്ച് (മാർച്ച് 27) അഞ്ചാഴ്ച കഴിഞ്ഞാണ് അവരുടെ ആഘോഷം. മലങ്കര, അർമേനിയൻ, ഫിന്നിഷ് എന്നിവ ഒഴികെയുള്ള ഓർത്തഡോക്സ് സഭകളും അസിറിയൻ (കൽദായ) സഭയിൽ ബാഗ്ദാദ് ആസ്ഥാനമായ വിഭാഗവും ചില സ്ഥലങ്ങളിൽ റോമൻ കത്തോലിക്കാ സഭയും ജൂലിയൻ കലണ്ടർ പ്രകാരം ഈസ്റ്റർ തീയതി നിശ്ചയിക്കുന്നതാണ് കാരണം. ഒന്നും നാലും ആഴ്ചകൾ വൈകിയും ചില വർഷങ്ങളിൽ (ഉദാ:- 2010, 2011, 2014, 2017, 2025, 2028) ഒരുമിച്ചും ഈസ്റ്റർ ആഘോഷിക്കാറുണ്ട്. രണ്ടു കലണ്ടറുകൾ തമ്മിൽ ഇപ്പോൾ 13 ദിവസം വ്യത്യാസമുണ്ടെങ്കിലും ഈസ്റ്റർ 35 ദിവസം വരെ വൈകാം.

ക്രിസ്മസ് ആഘോഷത്തിനും ഇതു പോലെ തീയതി വ്യത്യാസമുണ്ട്. ചില രാജ്യങ്ങളിലെ 15 കോടിയോളം ക്രൈസ്തവർ 13 ദിവസം വൈകി ജനുവരി ഏഴിനാണ് ക്രിസ്മസ് ആഘോഷിക്കുന്നത്. അർമേനിയൻ സഭയ്ക്ക് ജനുവരി ആറിനാണ് (വിശുദ്ധ നാട്ടിൽ ജനുവരി 19ന്) ക്രിസ്മസ് (തെയോഫനി).

**(18.03.2016)**